

കുടുംബശ്രീ
**കുടുംബവിശേഷം**

**എസ്. ഹരികിഷോർ ഐഎഎസ്**
(എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ)

# സ്ത്രീശാക്തീകരണത്തിനു പുതിയ ചുവടുവയ്പുകൾ

ദാരിദ്ര്യലഘൂകരണം ലക്ഷ്യമാക്കിയുള്ള കുടുംബശ്രീയുടെ പ്രവർത്തനങ്ങളുടെ പ്രധാന അടിത്തറ സ്ത്രീ ശാക്തീകരണമാണ്. സ്ത്രീകളുടെ പദവി ഉയർത്താതെ, സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ തടയാനും സ്ത്രീകൾ നേരിടുന്ന അരക്ഷിതാവസ്ഥ ഒഴിവാക്കാനും വരുമാനം ലഭിക്കുന്ന സ്വയംതൊഴിൽ പദ്ധതികൾ തുടങ്ങാൻ സ്ത്രീകൾക്ക് അവസരം ഒരുക്കാതെയും ഇരുന്നാൽ കുടുംബശ്രീയുടെ ലക്ഷ്യങ്ങൾ സാക്ഷാൽക്കരിക്കാൻ പറ്റില്ലല്ലോ?

സ്ത്രീ ശാക്തീകരണം ലക്ഷ്യമാക്കിയും സ്ത്രീകൾക്കു സ്ത്രീപദവിയെക്കുറിച്ച് സ്വയം അറിവു പകരാനും സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താനും ഒട്ടേറെ പുതിയ പദ്ധതികൾ കുടുംബശ്രീ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ട്. താൽപര്യമുള്ളവർക്കു പങ്കാളിയാകാനും പ്രശ്നങ്ങൾ നേരിടുന്ന കുടുംബങ്ങൾക്കു പരിഹാരമാർഗം കണ്ടെത്താനും ഈ ഇടപെടലുകളിലൂടെ സാധിക്കും എന്നു പ്രതീക്ഷിക്കുകയാണ്.

### 'സ്നേഹിത'– 14 ജില്ലകളിലേക്കും

അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കുള്ള സഹായ കേന്ദ്രമായ 'സ്നേഹിത'യുടെ പ്രവർത്തനം വളരെയധികം കുടുംബങ്ങൾക്കാണ് ആശ്വാസം നൽകിയിട്ടുള്ളത്. മലപ്പുറം, എറണാകുളം, തിരുവനന്തപുരം, ഇടുക്കി, പാലക്കാട്, വയനാട് എന്നീ ആറു ജില്ലകളിലാണു സ്നേഹിത പ്രവർത്തിച്ചുവരുന്നത്. പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കു താൽക്കാലിക താമസം ഒരുക്കാനും കൗൺസലിങ് നൽകാനും നിയമോപദേശവും സഹായവും പ്രദാനം ചെയ്യാനും സ്നേഹിതയിലൂടെ സാധിക്കുന്നു. മറ്റു വകുപ്പുകളുമായി ചേർന്നുകൊണ്ടാണു 'സ്നേഹിത'യുടെ പ്രവർത്തനം. 2017 മാർച്ച് 31 വരെ 7025 സ്ത്രീകൾക്കു സ്നേഹിതയുടെ സേവനങ്ങൾ നൽകിയിട്ടുണ്ട്.

| ജില്ല | നിലവിലെ സ്നേഹിത ഫോൺ നമ്പർ |
|---|---|
| എറണാകുളം | (0484) 2428745 |
| തിരുവനന്തപുരം | (0471) 2313661 |
| മലപ്പുറം | (0483) 2770500 |
| പാലക്കാട് | (0491) 2505111 |
| വയനാട് | (0493) 6202033 |
| ഇടുക്കി | (0486) 8250679 |

ഇതു കൂടാതെ തിരുവനന്തപുരം, എറണാകുളം, മലപ്പുറം എന്നീ ജില്ലകളിലെ 'സ്നേഹിത'സെന്ററുകൾക്കു ടോൾഫ്രീ നമ്പറുകളുണ്ട്.

| ജില്ല | സ്നേഹിത നമ്പർ |
|---|---|
| തിരുവനന്തപുരം | 18004258855 |
| എറണാകുളം | 180042555678 |
| മലപ്പുറം | 18004256864 |



പൊലീസ്, സാമൂഹികനീതി വകുപ്പ്, ശിശു ക്ഷേമസമിതി തുടങ്ങിയ വിവിധ വകുപ്പുകളുമായി സംയോജിച്ചും കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ ശൃംഖല ഉപയോഗിച്ചും സേവനങ്ങളും സഹായങ്ങളും നൽകുന്നതിനാൽ 'സ്നേഹിത' സ്ത്രീകളുടെ പ്രശ്നങ്ങൾക്കു പരിഹാരമേകാൻ ഏറ്റവും ഉചിതമായ സഹായകേന്ദ്രമാണെന്നു പറയാം.

### അരക്ഷിതാവസ്ഥാ പഠനം

സ്ത്രീകളെയും കുടുംബങ്ങളെയും അരക്ഷിതാവസ്ഥയിൽ നിന്നു സംരക്ഷിതാവസ്ഥയിലേക്ക് എത്തിക്കാൻ വേണ്ടി തുടങ്ങിയ പുതിയ പദ്ധതിയാണ് 'അരക്ഷിതാവസ്ഥാ പഠനം.' 14 ജില്ലകളിലും രണ്ടു പഞ്ചായത്തിൽ വീതമാണ് (ആകെ 28 പഞ്ചായത്തുകൾ) ഈ പഠനം പൂർത്തിയായത്. ഈ സാമ്പത്തികവർഷം ഓരോ ജില്ലയിലെയും 10 പഞ്ചായത്തിൽ വീതം (ആകെ 140 പഞ്ചായത്തുകളിൽ) ഈ പഠനം നടത്താനും തുടർന്ന് അരക്ഷിതമായ സാഹചര്യങ്ങൾ ഒഴിവാക്കി സുരക്ഷയൊരുക്കാനും വേണ്ട നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

സംസ്ഥാനതലത്തിൽ ശിൽപശാല നടത്തി ജില്ലയിൽ നിന്ന് ഈ പഠനം നടത്താൻ താൽപര്യമുള്ള കുടുംബശ്രീ റിസോഴ്സ് പഴ്സൻമാരെ തിരഞ്ഞെടുത്ത് അവരിലൂടെയാണു പഠനം നടത്തുന്നത്. പഞ്ചായത്തു തലത്തിൽ പരിശീലനവും സെമിനാറും നടത്തിയശേഷം പ്രാദേശിക സർവേ നടത്തി സ്ത്രീകൾ സുരക്ഷിതമല്ലാത്ത സാഹചര്യങ്ങൾ (ഒരുപക്ഷേ, ചില കുടുംബങ്ങളാകാം, അല്ലെങ്കിൽ പഞ്ചായത്തിലുള്ള തൊഴിൽ ശാലകളായിരിക്കാം, തോട്ടങ്ങളോ, കശുവണ്ടി ഫാക്ടറികളോ, പൊതുസ്ഥലങ്ങളോ, പ്രാദേശികമായി അരക്ഷിതത്വമുള്ള ഏതു സാഹചര്യവും ആകാം) കണ്ടെത്തി ഓരോ വ്യക്തിഗത അരക്ഷിതാവസ്ഥയിലും പൊതു അരക്ഷിതാവസ്ഥയിലും സുരക്ഷ ഒരുക്കാൻ ചെയ്യേണ്ട കാര്യങ്ങൾ കണ്ടെത്തുകയാണ് ആദ്യഘട്ടം.

പ്രശ്നങ്ങൾ പരിഹരിക്കാനായി പ്രോജക്ടുകൾ തയാറാക്കുകയും അവ നടപ്പാക്കുകയുമാണു രണ്ടാം ഘട്ടം. പഞ്ചായത്തിന്റെ ഫണ്ടുപയോഗിച്ചോ സാധ്യമായ മറ്റു മേഖലകൾ കണ്ടെത്തിയോ സുരക്ഷിതാവസ്ഥ ഉറപ്പുവരുത്താൻ വേണ്ട നടപടികൾ കുടുംബശ്രീ സിഡിഎസ് സ്വീകരിക്കുന്നതോടെ 'അരക്ഷിതാവസ്ഥാ പഠന'ത്തിന്റെ (Vulnerability Mapping) അടുത്ത ഘട്ടം പൂർത്തിയാവും. പല സ്ഥലങ്ങളിലും കൗൺസലിങ് വഴിയോ സാമൂഹിക/പ്രാദേശിക ഇടപെടൽ/കൂട്ടായ്മ വഴിയോ പരിഹരിക്കേണ്ട പ്രശ്നങ്ങളാകും കൂടുതൽ. രാത്രിയിൽ യാത്രചെയ്യാൻ തെരുവുവിളക്കുകളുടെ അഭാവം, പൊതുസ്ഥലത്തെ ശുചിമുറിയുടെ മോശം അവസ്ഥ, തോട്ടം മേഖലയിലെ പ്രശ്നങ്ങൾ, പ്രാദേശികമായ പൂവാല ശല്യം, സുരക്ഷയില്ലാത്ത ഭവനങ്ങൾ, മദ്യപിച്ച് ശാരീരിക ഉപദ്രവം സ്ഥിരമായി നടക്കുന്ന കുടുംബങ്ങൾ, പ്രദേശത്തെ കള്ളുഷാപ്പുകൾ / മദ്യശാലകൾ എന്നിവ മൂലം സ്ത്രീകൾ നേരിടുന്ന അരക്ഷിതാവസ്ഥ തുടങ്ങി പ്രാദേശിക ഇടപെടൽ ഉറപ്പാക്കിയാൽ പരിഹരിക്കാൻ സാധിക്കുന്ന പ്രശ്നങ്ങൾ കണ്ടെത്തി, പരിഹാരമാർഗം നിർദേശിച്ച്, അതു നടപ്പാക്കുകയും തുടർപ്രവർത്തനം ഉറപ്പുവരുത്തുകയും ചെയ്യുകയാണ് ഈ പഠന പ്രക്രിയയുടെ ലക്ഷ്യം.

അരക്ഷിതാവസ്ഥാ പഠനം പൂർത്തിയായ 28 പഞ്ചായത്തുകളിലെയും സർവേയിൽ കണ്ടെത്തിയ പ്രശ്നങ്ങൾ പരിഹരിക്കാനും സുരക്ഷ ഉറപ്പാക്കാനുമുള്ള ശ്രമങ്ങളാണ് ഇപ്പോൾ നടക്കുന്നത്. വരുംവർഷങ്ങളിൽ കൂടുതൽ പഞ്ചായത്തുകളിലേക്ക് ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിച്ചു സുരക്ഷിത കേരളം ലക്ഷ്യമാക്കാൻ കുടുംബശ്രീക്കു സാധിക്കുമെന്നു പ്രത്യാശിക്കുന്നു.

### മാപ്പിങ് നടപ്പാക്കിയ പഞ്ചായത്തുകൾ:

1. തിരുവനന്തപുരം– മലയിൻകീഴ്, കുളത്തൂർ, 2. കൊല്ലം - വെട്ടിക്കവല, പനയം, 3. പത്തനംതിട്ട - നെടുമ്പ്രം, നാറാണമൂഴി, 4. കോട്ടയം - തൃക്കൊടിത്താനം, തിടനാട്, 5. ആലപ്പുഴ - പുറക്കാട്, കായംകുളം, 6. ഇടുക്കി - പാമ്പാടുംപാറ, കഞ്ഞിക്കുഴി, 7. എറണാകുളം - വെങ്ങോല, കുട്ടമ്പുഴ, 8. തൃശൂർ - പാനംചേരി, നടത്തറ, 9. പാലക്കാട് - മലമ്പുഴ, പെരുമാട്ടി, 10. മലപ്പുറം - പുറത്തൂർ, പാണ്ടിക്കാട്, 11. കോഴിക്കോട് - ഒളവണ്ണ, ചെറുവണ്ണൂർ (പേരാമ്പ്ര), 12. വയനാട് - മൂപ്പൈനാട്, തിരുനെല്ലി, 13. കണ്ണൂർ - ആറളം, മാട്ടൂൽ, 14. കാസർകോട് - പള്ളിക്കര, കള്ളാർ.



തട്ടേക്കാട് പക്ഷിസങ്കേതം എറണാകുളത്താണ്.